# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.63** **30.06.2016-ൽ മറുപടിക്ക്**

### കുടിവെള്ള വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് : | ശ്രീ. മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ. | കുടിവെള്ള വിതരണത്തിന് വിദേശസഹായം ലഭ്യമായ ഏതൊക്കെ പദ്ധതികളാണ് സംസ്ഥാനത്തുള്ളത്; | എ | ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക) യുടെ ധനസഹായത്തോടെ കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ കുടിവെള്ള പദ്ധതികളും ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതിയുമാണ് സംസ്ഥാനത്ത് വിദേശ സഹായം ലഭ്യമായ കുടിവെള്ള വിതരണ പദ്ധതികൾ. |
| ബി. | ഈ പദ്ധതികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; | ബി | മേൽപ്പറഞ്ഞ ഓരോ പദ്ധതികളിലും ഇൻടേക്ക്-കിണർ, ജലശുദ്ധീകരണ ശാല, ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല, ജല സംഭരണികൾ എന്നിവ ഉൾപ്പെടുന്നു. ഇതിൽ ചേർത്തല, പട്ടുവം എന്നീ പദ്ധതികളിൽ ഉൾക്കൊണ്ടിരുന്നവ പൂർണ്ണമായും, തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികൾ ഭാഗികമായും കമ്മീഷൻ ചെയ്തു. തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളുടെ വിതരണ ശൃംഖലയുടെ ശേഷിക്കുന്ന പണികളും നിലവിലുള്ള തിരുവനന്തപുരം, കോഴിക്കോട് പദ്ധതികളുടെ ശുദ്ധീകരണശാലകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. |

ജലനിധി ഒന്നാംഘട്ട പദ്ധതിയുടെ പ്രവർത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. രണ്ടാംഘട്ട പദ്ധതിയിലെ ബാച്ച് 1-ൽ 20 പഞ്ചായത്തുകളിലായി 465 കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തതിൽ 441 എണ്ണം പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ബാച്ച് 2-ൽ 61 പഞ്ചായത്തുകളിലായി 1182 കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തതിൽ 734 എണ്ണം പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ബാച്ച് 3-ൽ പെട്ട 23 പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. മാളയും സമീപ 5 പഞ്ചായത്തുകൾക്കുമുള്ള പദ്ധതി, ഊരകം, വേങ്ങര, പറപ്പൂർ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി, തെന്നല, ഒഴൂർ, പെരുമണ്ണക്ലാരി എന്നീ 3 പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിങ്ങനെ 3 കേരള വാട്ടർ അതോറിറ്റി മൾട്ടി ജി.പി കുടിവെള്ള പദ്ധതികളും ജലനിധി രണ്ടാംഘട്ടത്തിൽ പുരോഗമിച്ചു വരുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ റീസ്ട്രക്ചറിംഗിനു വേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ രണ്ട് പുതിയ മൾട്ടി ജി.പി പദ്ധതികളായ നെടുമ്പാശ്ശേരിയും സമീപ പഞ്ചായത്തുകൾക്കുമുള്ള പദ്ധതി, ചീക്കോട്ടും സമീപ പഞ്ചായത്തുകൾക്കുമുള്ള പദ്ധതി എന്നിവ ഉൾപ്പെടുന്നു.

| | | | |
|---|---|---|---|
| സി. | വിദേശസഹായത്തോടു കൂടിയുള്ള പുതിയ പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി | ഉണ്ട്. |
| ഡി. | ഉണ്ടെങ്കിൽ ഈ നടപടികൾ ഏത് | ഡി | ജൈക്ക പദ്ധതി അഞ്ച് ജില്ലകളിലാണ് നടപ്പാക്കിയത്. പ്രധാനമായും ഇതിൽ |

| | | | |
|---|---|---|---|
| | ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; | | ഉൾപ്പെടാത്ത ജില്ലകളെ ഉൾപ്പെടുത്തി ഒരു സമഗ്ര ജില്ലാ പദ്ധതി (കോംപ്രഹൻസീവ് - ഡിസ്ട്രിക്റ്റ് പ്ലാൻ, സി.ഡി.പി) ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.<br>92 പ്രൊപ്പോസലുകൾ അടങ്ങിയ 5932.19 കോടി രൂപയുടെ വിദേശ നിക്ഷേപ സഹായത്തിനായുള്ള കരട് പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു. |
| ഇ. | ഏതൊക്കെ ജില്ലകളിലാണ് ഈ പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഇ | പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് മുതലായ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ നിശ്ചയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ